**Week 5**




# A Portent to many

## ഞാൻ പലർക്കുംഒരത്ഭുതം

I have become like a portent to many , but you are my refuge- psalm(71:7)

ആരാധനയിലുംമറ്റുകൂട്ടായ്മകളിലുംസാക്ഷ്യം പറയുന്ന ഒരു ബാലനായിരുന്നുസ്റ്റോക്ഡെയിൽ . ഒരുദിവസംസാക്ഷ്യം പറഞ്ഞിരുന്ന ബാലനെ ഒരുസ്ത്രീ പരിഹസിക്കുന്നത് അവൻ കേട്ടു. "ദൈവത്തെക്കുറിച്ച് അവനെന്തറിയാം ?'. നിരാശനുംവിഷണ്ണനുമായിത്തീർന്ന ബാലൻ ഇനിയൊരിക്കലുംസാക്ഷ്യം പറയില്ലെന്ന്തീരുമാനിച്ചു. അന്ന്രാത്രിബൈബിൾവായിക്കുവാൻ തുറന്നപ്പോൾകണ്ടത്"ഞാൻ ബാലൻ എന്ന് നീ പറയരുത്---------നീ ഭയപ്പെടരുത്--------- ഞാൻ നിന്നോടുകൂടെയുണ്ട്" (യിരെ:1:7,8). തക്കസമയത്ത്ലഭിച്ച ഉപദേശം നിരാശയെഅതിജീവിച്ച് , പുതിയശക്തിയോടുംഉറച്ചതീരുമാനത്തോടുംകൂടെകർത്താവിന്റെസാക്ഷിയായി മാറുവാൻ അവനെ സഹായിച്ചു. കർത്താവ്അവന്റെസങ്കേതമായിത്തീർന്നപ്പോൾ അവൻ പലർക്കുംഒരുഅത്ഭുതമായിമാറി. കർത്താവ് ,ഡോ.എഫ്.ബി.സ്റ്റോക്ഡെയിൽ എന്ന ഗണനീയനായഒരു പ്രാസംഗീകനാക്കിഅവനെ മാറ്റി.

പരിഹാസികളുടെ മുമ്പിൽ തളരരുത്. നിന്റെ ബലമുള്ളസങ്കേതം നിന്നെ പലർക്കും മുമ്പിൽ ഒരത്ഭുതമാക്കും.

കഴുതയെതിരക്കിയിറങ്ങിയശൗലിനെ കണ്ട ദൈവംഅവനെ ശമുവേൽ പ്രവാചകന്റെഅടുക്കലെത്തിച്ച് അവനിൽമാറ്റംവരുത്തി (1 രാജ:10:1-13) ശമുവേൽഅവന്റെതലയിൽതൈലംഒഴിച്ച്അഭിഷേകംചെയ്തു.ദൈവം അവന് പുതിയഹൃദയംകൊടുത്തു. ദൈവത്തിന്റെആത്മാവ്ശക്തിയോടെഅവന്റെമേൽ വന്നപ്പോൾഎതിരെവന്ന പ്രവാചക ഗണത്തോടൊപ്പംചേർന്ന് അവനും പ്രവചിക്കുവാൻ തുടങ്ങി . അവനെ മുമ്പെ അറിഞ്ഞവർ അവനെകണ്ട് അത്ഭുതത്തോടെ പറഞ്ഞ “ശൗലുംഉണ്ടോ പ്രവാചകഗണത്തിൽ”എന്നുള്ളത് പിൽക്കാലത്ത്ഒരു പഴഞ്ചൊല്ലായിതീർന്നു.

വിശുദ്ധന്മാർപലർക്കുംഅത്ഭുതവിഷയങ്ങളാണ്. അവിശ്വാസികൾക്ക് , വിശ്വാസിഎന്നുംഅതിശയംതന്നെയാണ്. അതായത്വിശ്വാസിയെ മനസ്സിലാക്കുന്നവർചുരുക്കവും , അതിശയിക്കുന്നവർ അധികവുമാകുന്നു. വിശ്വാസിയുടെ മാനസാന്തരവുംഅതിനുശേഷമുള്ളസ്വഭാവമാറ്റവുംലോകത്തിന് അത്ഭുതമാണ്. വിശ്വാസിയെ നോക്കി“ശൗലുംഉണ്ടോ പ്രവാചകഗണത്തിൽ”എന്ന് പറഞ്ഞുപോകും. ഒരുവൻ ക്രിസ്തുവിലായാൽഅവൻ പുതിയസൃഷ്ടിതന്നെയാണ്. പഴയ കൂട്ടുകാർ, പഴയ പരിചയങ്ങൾ എല്ലാം അവൻ ഉപേക്ഷിക്കുന്നു. അവന്റെ നന്മ അനുഭവിക്കുന്ന നമുക്ക് നമ്മുടെ സങ്കേതമായവനെ പൂർണ്ണ ഹൃദയത്തോടെസ്തുതിക്കുവാൻ ഇടയായാൽ നാം മറ്റുള്ളവർക്ക്ഒരത്ഭുതം ആയിമാറും.




**<u>പ്രാർത്ഥന</u>**

ഞങ്ങളുടെസങ്കേതമായദൈവമേ !ഒരു പാറമേൽ എന്ന പോലെ ഞങ്ങൾ നിന്നിലാശ്രയിക്കുന്നു. പ്രത്യാശിക്കുവാൻ കൃപതരുന്ന അങ്ങ് പ്രത്യാശയ്ക്ക് ഭംഗംവരുത്താതെഞങ്ങളെരക്ഷിക്കുന്നതിനായി നന്ദി യോടെസ്തോത്രം. യേശുവിൻ നാമത്തിൽതന്നെ .

**ആമേൻ.**

*Santhama Varghese*